ചിറ്റൂർ ഗവ. താലൂക്ക് ആശുപത്രിയിലെത്തിയ യുവതിക്കു പാമ്പുകടിയേറ്റു

ചിറ്റൂർ: പനിബാധിച്ച മകളുടെ ചികിത്സയ്ക്കായി സർക്കാർ ആശുപത്രിയിലെത്തിയ യുവതിക്കു പാമ്പുകടിയേറ്റു. ചിറ്റൂർ ഗവ. താലൂക്ക് ആശുപത്രിയിലെ സ്ത്രീകളുടെ വാർഡിലായിരുന്നു സംഭവം. പുതുനഗരം കരിപ്പോട് സ്വദേശിനി ഗായത്രി(25)ക്കാണ് കൈയിൽ പാമ്പുകടിയേറ്റത്. ഇവരെ പാലക്കാട് ജില്ലാ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഗായത്രി ആശുപത്രിയിൽ പ്രത്യേക നിരീക്ഷണത്തിലാണ്. ഇന്നലെ രാവിലെ പതിനൊന്നോടെയാണ് സംഭവം.

ചൊവ്വാഴ്ച രാത്രിയാണ് ഗായത്രിയുടെ മകളെ പനിയെതുടർന്ന് ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തത്. അതിനിടെ രാവിലെ മൂത്രം പരിശോധിക്കാൻ ആവശ്യപ്പെട്ടു. തറയിൽ മൂത്രംവീണതു തുടയ്ക്കാൻ ചൂലെടുക്കുന്നതിനിടെയാണ് ഗായത്രിയുടെ കൈയിൽ പാമ്പ് കടിച്ചത്.

ചിറ്റൂർ താലൂക്ക് ആശുപത്രിയിൽ പ്രാഥമികചികിത്സ നൽകിയശേഷം ഡോക്ടറുടെ നിർദേശപ്രകാരമാണ് പാലക്കാട് ജില്ലാ ആശുപത്രിയിലേക്കു മാറ്റിയത്. കടിച്ച പാമ്പിനെ പിടികൂടി കുപ്പിയിലടച്ച് സൂക്ഷിച്ചിട്ടുണ്ട്. ഏതു പാമ്പാണ് കടിച്ചതെന്ന കാര്യത്തിൽ വ്യക്തതയില്ല. കെട്ടുവരയൻ (വെള്ളിക്കെട്ടൻ) എന്ന പാമ്പാണ് കടിച്ചതെന്നു ഗായത്രിയുടെ ബന്ധുക്കൾ സംശയം പ്രകടിപ്പിച്ചു.

സ്ത്രീകളുടെ വാർഡിലെ ദുരവസ്ഥ സംബന്ധിച്ച് ദീപിക കഴിഞ്ഞദിവസം വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. ഇവിടെ പെരുച്ചാഴിയും എലിയും ഉൾപ്പെടെ ഉണ്ടെന്നും വൃത്തിഹീനമായ അവസ്ഥയാണെന്നും രോഗികളിൽ പലരും പറഞ്ഞു.

സംഭവത്തിൽ പ്രതിഷേധിച്ച് യൂത്ത് കോൺഗ്രസ് പ്രവർത്തകർ താലൂക്ക് ആശുപത്രി സൂപ്രണ്ടിനെ ഘെരാവോ ചെയ്തു. ഇതിനിടെ, ആശുപത്രിയിലെ അനാസ്ഥയല്ലെന്നു പറഞ്ഞു ചിറ്റൂർ - തത്തമംഗലം നഗരസഭാ ചെയർപേഴ്സൺ കെ.എൽ. കവിത രംഗത്തെത്തിയതു കൂടുതൽ പ്രതിഷേധങ്ങൾക്കിടയാക്കി. ആശുപത്രി അധികൃതർക്കെതിരേയും വ്യാപകപ്രതിഷേധമുണ്ടായി. കോടികൾ ചെലവിട്ടു നിർമിച്ച താലൂക്ക് ആശുപത്രി കെട്ടിടം ഉദ്ഘാടനം നടത്താതെ കിടക്കുമ്പോഴാണ് തീരാദുരിതംപേറി രോഗികൾ പഴയ കെട്ടിടങ്ങളിൽ കഴിയുന്നത്.

ബിന്നി ഇമ്മട്ടി ഇനി ഓർമ

വ്യാപാരികളുടെ പ്രിയതോഴൻ, കായികപ്രേമി, സംഘാടകൻ

സ്വന്തം ലേഖകൻ

തൃശൂർ: വ്യാപാരികളുടെ ഏതു പ്രശ്നത്തിനും പരിഹാരം കണ്ടെത്താൻ രാപ്പകൽഭേദമില്ലാതെ മുന്നിട്ടിറങ്ങുന്ന വ്യക്തിയായിരുന്നു ബിന്നി ഇമ്മട്ടി. അതിനു രാഷ്ട്രീയമോ മറ്റു താത്പര്യങ്ങളോ തടസമായിരുന്നില്ല. അതുകൊണ്ടുതന്നെ വ്യാപാരികളുടെ എല്ലാ സംഘടനയിൽപെട്ടവർക്കും പ്രിയങ്കരനായിരുന്നു.

വ്യാപാരി വ്യവസായി സമിതി സംസ്ഥാന പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നിലവിൽ സംസ്ഥാന നിർവാഹകസമിതി അംഗമാണ്. സിപിഎം തൃശൂർ ഏരിയ കമ്മിറ്റി അംഗവുമായിരുന്നു.

കേരളത്തിലെ വ്യാപാരമേഖല നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോയ ഘട്ടങ്ങളിലെല്ലാം സംഘടനയുടെ തലപ്പത്തു ബിന്നി ഇമ്മട്ടി പ്രശ്നങ്ങൾ പരിഹരിക്കാൻ മുന്നിട്ടുനിന്നു. ആരെയും പിണക്കാത്ത, എന്നാൽ പറയേണ്ട കാര്യങ്ങൾ മുഖംനോക്കാതെ തുറന്നുപറയുന്ന ബിന്നിയുടെ നിലപാടുകൾ വ്യാപാരികളുടെ ഉന്നമനത്തിനുവേണ്ടി മാത്രമുള്ളതായിരുന്നു. ഏറ്റവും ഒടുവിൽ തൃശൂർ കോർപറേഷനിൽ നികുതി അടയ്ക്കാനും ലൈസൻസ് പുതുക്കാൻ കഴിയാതെയും വന്ന പ്രശ്നത്തിൽ വ്യാപാരികളുടെ മുന്നിൽനിന്നു വിഷയം കോടതിയിൽ എത്തിക്കാൻ ബിന്നി ഇമ്മട്ടി ഉണ്ടായിരുന്നു.

വ്യാപാരികൾക്കു ദോഷമാകുന്ന കാര്യങ്ങൾ ഏതു പാർട്ടി ചെയ്താലും അതു തെറ്റാണെന്നും തിരുത്തണമെന്നും നട്ടെല്ലു നിവർത്തി പറയാനുള്ള ചങ്കൂറ്റം ബിന്നിക്കുണ്ടായിരുന്നു. ബിന്നി ഇമ്മട്ടി ഓർമയാകുമ്പോൾ തന്റേടമുള്ള, വ്യാപാരികളുടെ ഉന്നമനത്തിനുവേണ്ടി മാത്രം അഹോരാത്രം പ്രയത്നിച്ച ജനപക്ഷത്തുനിന്ന ഒരു നേതാവിനെയാണു നഷ്ടമാകുന്നത്.

കച്ചവടത്തിനൊപ്പം കായികമേഖലയെയും ഒരുപാട് ഇഷ്ടപ്പെട്ട ബിന്നി വ്യത്യസ്തമായ നിരവധി കായികമത്സരങ്ങൾ നടത്തുന്നതിനും ചുക്കാൻ പിടിച്ചു. നിരവധി സംഘടനകളുടെ അമരത്ത് മികച്ച നേതാവായി നിലകൊണ്ടു.

വ്യാപാരി വ്യവസായി കോൺഫെഡറേഷൻ ജനറൽ കൺവീനർ, കേരള ഹെഡ് ലോഡ് വർക്കേഴ്സ് വെൽഫെയർ ബോർഡ് മെമ്പർ, കേരള ബാസ്കറ്റ്ബോൾ അസോസിയേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ്, റഗ്ബി അസോസിയേഷൻ രക്ഷാധികാരി, ശിശുക്ഷേമസമിതി മുൻ അംഗം, പൗൾട്രി ഫാർമേഴ്സ് ആൻഡ് ട്രേഡേഴ്സ് സമിതി സംസ്ഥാന പ്രസിഡന്റ്, കലാനിലയം കൃഷ്ണൻനായർ ഫൗണ്ടേഷൻ ഡയറക്ടർ, തൃശൂർ ഹോക്കി അസോസിയേഷൻ രക്ഷാധികാരി, യുണൈറ്റഡ് പീജിയൻ ക്ലബ് രക്ഷാധികാരി, ഭരത് പി. ജെ. ആന്റണി അവാർഡ് ഡോക്യുമെന്ററി ആൻഡ് ഷോർട്ട് ഫിലിംസ് രക്ഷാധികാരി, നാസിക് ഡോൾ ഓണേഴ്സ് സമിതി രക്ഷാധികാരി, റഗ്ബി രക്ഷാധികാരി, പാർട്ട് ഒഎൻഒ ഫിലിംസ് രക്ഷാധികാരി എന്നീ നിലകളിൽ പ്രവർത്തിച്ചിരുന്നു.

ശിരുവാണി ഡാം: റിവർ സ്ലൂയിസ് ഉയർത്തും

അഗളി: ശിരുവാണി ഡാമിന്റെ വൃഷ്ടിപ്രദേശങ്ങളിൽ മഴ ശക്തമായി തുടരുന്ന സാഹചര്യത്തിൽ ഇന്നു രാവിലെ 10ന് റിവർ സ്ലൂയിസ് 50 സെന്റീമീറ്ററാക്കി ഉയർത്തുമെന്ന് എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു. അണക്കെട്ടിൽനിന്നു പുഴയിലേക്ക് 1.416 ക്യൂസെക്സ് വെള്ളം ഒഴുക്കിവിടും. നിലവിൽ റിവർ സ്ലൂയിസ് അഞ്ചു സെന്റീമീറ്റർ ഉയർത്തി 0.142 ക്യൂസെക്സ് അളവിൽ ജലം ശിരുവാണിപ്പുഴയിലേക്ക് ഒഴുക്കുന്നുണ്ട്.

ഇന്നലെ ഉച്ചയ്ക്കു രണ്ടിന് ജലനിരപ്പ് 875.60 മീറ്ററാണ്. ഡാമിന്റെ പരമാവധി ജലനിരപ്പ് 878.5 മീറ്ററാണെങ്കിലും 877 മീറ്ററിനുമുകളിൽ ജലം സംഭരിക്കാൻ ഡാം സേഫ്റ്റി അധികൃതരുടെ അനുമതി ഇല്ല.

ഡാമിലേക്കുള്ള നീരൊഴുക്ക് ശക്തമായി തുടരുന്നതിനാൽ ജലനിരപ്പ് ക്രമാതീതമായി ഉയരാൻ സാധ്യതയുണ്ടെന്നും പുഴയിൽ വെള്ളത്തിന്റെ അളവ് ഉയരുമെന്നതിനാൽ ഇരുകരകളിലുമുള്ളവർ ജാഗ്രത പുലർത്തണമെന്നും എക്സിക്യൂട്ടീവ് എൻജിനീയർ അറിയിച്ചു.

കാർ വാടകയ്ക്കെടുത്തു വിൽക്കുന്നയാൾ പിടിയിൽ

ഷൊർണൂർ: കാർ വാടകയ്ക്കെടുത്തു മറിച്ചു വിൽക്കുന്നയാളെ പോലീസ് പിടികൂടി. തൃശൂർ എരുമപ്പെട്ടി തയ്യൂർ വട്ടപ്പറമ്പിൽ ജിൽജിത്തിനെയാണ് (36) പോലീസ് അറസ്റ്റുചെയ്തത്. കുന്നത്തു സ്വദേശി സുബിൻസണിന്റെ കാർ വാടകയ്ക്കെടുത്തു തിരിച്ചെൽകാത്ത കേസിൽ ഇയാളെ പിടികൂടുകയായിരുന്നു.

എസ്ഐ എം. മഹേഷ്കുമാർ, സീനിയർ സിവിൽ പോലീസ് ഓഫീസർ കെ. അനിൽകുമാർ, സിവിൽപോലീസ് ഓഫീസർമാരായ പി. റിയാസ്, അജീഷ് ഷിജി എന്നിവരടങ്ങുന്ന സംഘമാണ് ജിൽജിത്തിനെ പിടികൂടിയത്.

ഒമാൻ തീരത്ത് എണ്ണടാങ്കർ മുങ്ങി

ദുബായ്/മസ്കറ്റ്: ഒമാൻ തീരത്ത് എണ്ണടാങ്കർ മുങ്ങി കാണാതായ 16 ജീവനക്കാരിൽ ഒമ്പതു പേരെ രക്ഷപ്പെടുത്തി. ഇതിൽ എട്ടുപേർ ഇന്ത്യക്കാരാണ്. കൊമോറോസിന്റെ പതാകയുള്ള പ്രസ്റ്റീജ് ഫാൽക്കൺ എന്ന ടാങ്കറാണ് അപകടത്തിൽപ്പെട്ടത്.

16 ജീവനക്കാരിൽ 13 ഇന്ത്യക്കാരും മൂന്നു ശ്രീലങ്കക്കാരുമായിരുന്നു. രക്ഷാപ്രവർത്തനത്തിനായി ഒമാൻ നാവികസേനയ്ക്കൊപ്പം ഇന്ത്യൻ സേനയും അപകടസ്ഥലത്ത് എത്തിയിട്ടുണ്ട്. നാവിക സേനയുടെ ഐഎൻഎസ് തേജും വ്യോമസേനയുടെ മാരിടൈം സർവൈലൻസ് വിമാനവും തെരച്ചിലിൽ പങ്കെടുക്കുന്നുണ്ടെന്ന് ഒമാൻ മാരിടൈം സുരക്ഷാ കേന്ദ്രം പറഞ്ഞു.

ഒമാനിലെ തുറമുഖനഗരമായ ദുഖമിനു സമീപം റാസ് മദ്രാക്കയ്ക്ക് 25 നോട്ടിക്കൽ മൈൽ അകലെയാണ് ടാങ്കർ അപകടത്തിൽപ്പെട്ടത്. കഴിഞ്ഞ ചൊവ്വാഴ്ച ദുബായിലെ അൽ ഹംരിയ തുറമുഖത്തുനിന്നു പുറപ്പെട്ട കപ്പൽ ഇന്ന് യെമനിലെ ഏദനിൽ നങ്കൂരമിടേണ്ടതായിരുന്നു. കഴിഞ്ഞ ശനിയാഴ്ച മുതലാണ് കപ്പലിൽനിന്ന് സന്ദേശങ്ങൾ മുടങ്ങിയത്. 2007ൽ നിർമിച്ച 117 മീറ്റർ നീളമുള്ള കപ്പൽ തലകീഴായി മറിഞ്ഞുവെങ്കിലും ഇന്ധനം ചോർന്നിട്ടില്ല എന്നാണു സൂചന. ഒമാനിലെ പ്രമുഖ തുറമുഖമാണ് ദുഖം.

എട്ട് ഇന്ത്യൻ ജീവനക്കാരെ രക്ഷപ്പെടുത്തി

കണാതായ എണ്ണടാങ്കറിനായി തെരച്ചിൽ നടത്തുന്ന ഇന്ത്യൻ നാവികസേനയുടെ ഐഎൻഎസ് തേജ് കപ്പൽ.

പോക്സോ കേസിൽ പോലീസുകാരൻ അറസ്റ്റിൽ

പാലക്കാട്: പതിനാറുകാരിയെ പീഡിപ്പിച്ചെന്ന പരാതിയിൽ പോലീസ് ഉദ്യോഗസ്ഥൻ അറസ്റ്റിലായി. കഞ്ചിക്കോട് പുതുശേരി സ്വദേശിയും മലപ്പുറം അരീക്കോട് ക്യാമ്പിലെ സിവിൽ പോലീസ് ഓഫീസറുമായ അജീഷ് (28) ആണ് അറസ്റ്റിലായത്.

പെൺകുട്ടി നൽകിയ പരാതിപ്രകാരം പാലക്കാട് കസബ പോലീസാണ് അജീഷിനെ അറസ്റ്റുചെയ്തത്. ഇയാൾ നേരത്തേയും മറ്റൊരു പെൺകുട്ടിക്കെതിരെ മോശമായി പെരുമാറിയെന്നു പോലീസിനു പരാതി ലഭിച്ചിരുന്നു.

പാലക്കാട് മുട്ടിക്കുളങ്ങര ക്യാമ്പിലെഉദ്യോഗസ്ഥനായിരുന്നു അജീഷ്. പ്രത്യേക പരിശീലനത്തിനായാണ് മാസങ്ങൾക്കുമുൻപ് അരീക്കോടേക്കു മാറ്റിയത്.

നീറ്റ് കൗൺസലിംഗ് നടപടികൾക്കു തുടക്കമായി

സനു സിറിയക്

ന്യൂഡൽഹി: ദേശീയ മെഡിക്കൽ പ്രവേശനപരീക്ഷ (നീറ്റ് യുജി) ക്രമക്കേടുമായി ബന്ധപ്പെട്ട ഹർജികൾ ഇന്ന് സുപ്രീംകോടതി പരിഗണിക്കാനിരിക്കേ മെഡിക്കൽ പ്രവേശനത്തിനുള്ള നടപടികൾക്ക് കേന്ദ്രസർക്കാർ തുടക്കം കുറിച്ചു.

ശനിയാഴ്ചയ്ക്കുള്ളിൽ സീറ്റ് വിശദാംശങ്ങൾ മെഡിക്കൽ കൗൺസലിംഗ് കമ്മിറ്റിയുടെ ഔദ്യോഗിക പോർട്ടലിൽ രേഖപ്പെടുത്താൻ മെഡിക്കൽ കോളജുകൾക്ക് നിർദേശം നൽകി.

ജൂലൈ മൂന്നാം വാരം മെഡിക്കൽ കൗൺസലിംഗ് നടപടികൾക്ക് തുടക്കം കുറിക്കുമെന്നായിരുന്നു കേന്ദ്രസർക്കാർ നേരത്തേ അറിയിച്ചിരുന്നത്. നാലു ഘട്ടങ്ങളിലായി പ്രവേശനനടപടികൾ പൂർത്തിയാക്കാനാണു തീരുമാനം. ചീഫ് ജസ്റ്റീസ് ഡി.വൈ. ചന്ദ്രചൂഡ് അധ്യക്ഷനായ ബെഞ്ച് ഇന്നു കേസ് പരിഗണിക്കുമ്പോൾ കൗൺസലിംഗ് നടപടികൾക്കു തുടക്കം കുറിച്ച കാര്യം കേന്ദ്രസർക്കാർ കോടതിയെ അറിയിച്ചേക്കും.

അതേസമയം. പുനഃപരീക്ഷ നടത്തുന്നതിനെ കേന്ദ്രസർക്കാരും എൻടിഎയും പൂർണമായും എതിർത്തിരുന്നു. ടന്നിട്ടില്ലെന്ന് ആവർത്തിച്ചിരുന്നു. വ്യാപക ചോർച്ച കണ്ടെത്തിയാൽ പുനഃപരീക്ഷ നടത്തേണ്ടിവരുമെന്നാണ് കോടതിയുടെ നിലപാട്.

പൂവരണി സ്വദേശിക്ക് വീടുനിർമാണത്തിന് ധനസഹായം

തിരുവനന്തപുരം: വീട് നിർമാണത്തിനായി സംഭരിച്ച സാധനങ്ങൾ ഉരുൾപൊട്ടലിലും ശക്തമായ മഴയിലും നഷ്ടമായതിനും നിലവിലെ സ്ഥലം വാസ യോഗ്യമല്ലാത്തതിനാൽ സ്ഥലം വാങ്ങുന്നതിനുമായി ആറു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് നല്കാൻ മന്ത്രിസഭാ തീരുമാനം. കോട്ടയം പൂവരണി സ്വദേശി സോബിച്ചൻ ഏബ്രഹാമിനാണ് ധനസഹായം നല്കാൻ തീരുമാനിച്ചത്. ഭൂമി ഉരുൾപൊട്ടൽ സാധ്യതാ പ്രദേശത്ത് ഉൾപ്പെട്ടിട്ടുള്ളതിനാലും പ്രസ്തുത സ്ഥലത്ത് നിർമാണ പ്രവർത്തനങ്ങൾ നിരോധിച്ചിട്ടുള്ളതിനാലും പ്രത്യേക കേസായി പരിഗണിച്ചാണ് ധനസഹായം.

തിരുവനന്തപുരം ചെങ്കൽ സ്വദേശി ആരോമൽ ബി. അനിലിന് തിരുവനന്തപുരത്ത് പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള പൂച്ചെടിവിള പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ വാച്ച്മാൻ തസ്തികയിൽ നിയമനം നൽകാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു.

അക്രമണത്തിന് ഇരയായി മരണമടയുന്ന പട്ടികജാതി, പട്ടികവർഗക്കാരുടെ ആശ്രിതർക്ക് സർക്കാർ സർവീസിൽ ജോലി നൽകുന്ന പദ്ധതി പ്രകാരമാണിത്. ആരോമലിന്റെ പിതാവ് അനിൽകുമാർ 2016 ഡിസംബർ 18ന് ഒരു കൂട്ടം ആളുകളുടെ ആക്രമണത്തിൽ മരിച്ചിരുന്നു. കൊല്ലം ചിതറ സ്വദേശി അഖിൽ എ. ആണ് ആക്രമണത്തിനു ഇരയായത്. തിരുവനന്തപുരം ജില്ലാ പട്ടികജാതി വികസന ഓഫീസിന് കീഴിൽ എൽ ഡി ക്ലർക്ക് തസ്തികയിൽ നിയമനം നൽകും. അഖിലയുടെ പിതാവ് അശോക് കുമാർ 2017 ഏപ്രിൽ 23ന് ആക്രമണത്തെ തുടർന്ന് മരിച്ചിരുന്നു.

മുൻ അത്‌ലറ്റ് ടിയാനയ്ക്ക് സ്പോർട്സ് ഓർഗനൈസറായി നിയമനം

തിരുവനന്തപുരം: സാഫ് ഗെയിംസ് മെഡൽ ജേതാവും ഏഷ്യൻ, കോമൺവെൽത്ത് ഗെയിംസുകളിൽ രാജ്യത്തെ പ്രതിനിധീകരിക്കുകയും ചെയ്ത അത്‌ലറ്റ് ടിയാന മേരി തോമസിന് കായികവകുപ്പിനു കീഴിലെ സ്പോർട്സ് കേരള ഫൗണ്ടേഷനിൽ ജൂനിയർ സ്പോർട്സ് ഓർഗനൈസറായി നിയമനം നൽകാൻ മന്ത്രിസഭ തീരുമാനിച്ചു.

കായികനേട്ടങ്ങൾ കണക്കിലെടുത്തുള്ള പ്രത്യേക പരിഗണനയിലാണ് തീരുമാനം.

ഉത്തേജക മരുന്ന് ഉപയോഗത്തിന്റെ പേരിൽ ശിക്ഷാ നടപടികൾക്ക് വിധേയരാകുന്ന കായികതാരങ്ങൾ ഒരു ഘട്ടത്തിലും സ്പോർട്സ് ക്വാട്ട നിയനത്തിന് അർഹരല്ലെന്ന നിലവിലെ വ്യവസ്ഥ കേന്ദ്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഭേദഗതി വരുത്തുന്ന കാര്യം പരിശോധിക്കണമെന്ന് പൊതു ഭരണ വകുപ്പിന് മന്ത്രിസഭ നിർദ്ദേശം നൽകുകയും ചെയ്തു.

എകെജി സെന്റർ ആക്രമണക്കേസ്: യൂത്ത് കോൺ. നേതാവ് ജാമ്യഹർജി നൽകി

കൊച്ചി: എകെജി സെന്റർ ആക്രമണക്കേസിൽ ഡൽഹിയിൽ പിടിയിലായ യൂത്ത് കോൺഗ്രസ് നേതാവ് സുഹൈൽ ഷാജഹാൻ ഹൈക്കോടതിയിൽ ജാമ്യഹർജി നൽകി.

2022 ജൂലൈ ഒന്നിനു രാത്രി 11.25ന് എ.കെ.ജി. സെന്ററിന്റെ മതിലിൽ സ്ഫോടകവസ്തു എറിഞ്ഞ് കെട്ടിടം തകർക്കാൻ ശ്രമിച്ച സംഭവത്തിൽ തന്നെ അനാവശ്യമായി പ്രതി ചേർത്തതാണെന്നു ചൂണ്ടിക്കാട്ടിയാണ് ഹർജി.

ദീപിക ക്ലാസിഫൈഡ്സ്

കേരള വാട്ടർ അതോറിറ്റി - ഇലക്ട്രോണിക് ദർഘാസ് നോട്ടീസ്
ദർഘാസ് : 06,07,08,09/EE/PHD/IJK/2024-25 ജൽ ജീവൻ മിഷൻ- ആതിരപ്പിള്ളി പഞ്ചായത്ത് വാർഡ് 7-13 പാർട്ട് ബി - App A-150mm DI K 9, 200mm HDPE പൈപ്പ് എന്നിവ ഉപയോഗിച്ച് പമ്പിങ് മെയിൻ സ്ഥാപിക്കൽ App ബി 160mm HDPE ന്റെ ഡിസ്ട്രിബ്യൂഷൻ ലൈൻ, പ്രഷർ ഫിൽറ്റർ 2.5LL GL എന്നിവ സ്ഥാപിക്കൽ, App സി- ചെക്ക് ഡാം പുനരുദ്ധാരണം പമ്പ് ഹൗസ് നിർമ്മാണം 200mm HDPE സക്ഷൻ പൈപ്പ് 110mm 140mm HDPE ന്റെ ഡിസ്ട്രിബ്യൂഷൻ ലൈൻ,ബ്രേക്ക് പ്രഷർ ടാങ്ക് എന്നിവ സ്ഥാപിക്കൽ App D 17.5 lps ഡിസ്ചാർജും 210m ഹെഡും ഉള്ള സെൻട്രിഫ്യൂഗൽ പമ്പ് സെറ്റ് 160 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ.നിരതദ്രവ്യം : Rs.50,000/- each . ടെണ്ടർ ഫീസ് : Rs.2670/- each. ദർഘാസ് സമർപ്പിക്കേണ്ട അവസാന തീയതി : 29-07-2024 05.00 pm ഫോൺ : 04802826608. വെബ് സൈറ്റ് : www.kwa.kerala.gov.in, www.etenders.kerala.gov.in
(ഒപ്പ്)എക്സിക്യൂട്ടീവ് എഞ്ചിനീയർ PH ഡിവിഷൻ, ഇരിഞ്ഞാലക്കുട
KWA-JB-GL-6-215-2024-25 R2407-536043

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്. E ദർഘാസ് പരസ്യം
ദർഘാസ് : 1) TENDER/ED-MKD/6118/2024-25/10 dt 15.07.2024 മണ്ണാർക്കാട് ഇലക്ട്രിക്കൽ ഡിവിഷൻ കീഴിൽ , ഇലക്ട്രിക്കൽ സെക്ഷൻ ആഫീസിലേയ്ക്ക് 15 വർഷത്തിൽ താഴെ പഴക്കമുള്ള 1500 CC യ്ക്കു മുകളിലോ കപ്പാസിറ്റിയുള്ള ടാക്സി ജീപ്പ് ഡ്രൈവർ സഹിതം വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിനുള്ള ടെണ്ടർ ക്ഷണിക്കുന്നു. ടെണ്ടർ ഓൺലൈൻ ആയി സമർപ്പിക്കുവാനുള്ള അവസാന തിയ്യതി:- 23.07.2024, 3 pm. ദർഘാസ് പ്രമാണങ്ങൾക്ക് www.etenders.kerala.gov.inഉം വിശദവിവരങ്ങൾക്ക് www.kseb.in ഉം സന്ദർശിക്കുക.
എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, മണ്ണാർക്കാട്
(04924 226785, 9496010098)
T2407-536057

SOUTH INDIAN Bank EXPERIENCE NEXT-GEN BANKING
റീജിയണൽ ഓഫീസ് : ഇരിഞ്ഞാലക്കുട
VI/950-C & D, AKP സെന്റർ, ക്രൈസ്റ്റ് കോളേജ്, ക്രൈസ്റ്റ് നഗർ, ഇരിഞ്ഞാലക്കുട-680125 Ph: 0480-2829336 (CM), 2821336 (Gen)
E-mail: ro1017@sib.co.in www.southindianbank.com
CIN No.: L65191KL1929PLC001017
Ref: RO-IJK/SAR/0647/SN/14/2024-25 തീയതി : 17.07.2024
ഇ – ലേല വിൽപന അറിയിപ്പ്
സെക്യൂരിറ്റൈസേഷൻ ആന്റ് റീ കൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002 ഉം സെക്യൂരിറ്റി ഇന്റസ്റ്റ് (എൻഫോഴ്സ്മെന്റ് റൂൾസ്, 2002ന്റെ റൂൾ 8(6) & 9(1) പ്രകാരവും പ്രസിദ്ധീകരിക്കുന്ന സ്ഥാവര വസ്തുക്കൾ വിൽപനക്കായുള്ള ഇ- ലേല വിൽപന അറിയിപ്പ്.
(1). M/s. അൽ മാ ഇൗട് ഫുഡ് പ്രൊഡക്ട്സ്, പാർട്ണർമാർ പ്രധിനിതീകരിക്കുന്നു, ഡോർ നമ്പർ. II/34B, മാള പള്ളിപുറം പി.ഒ., ട്രാൻസ്പോർട്ട് ബസ്സ് സ്റ്റാൻഡിന് സമീപം, മാള, തൃശ്ശൂർ-680732. **(2). ശ്രീമതി. ഉവൈബോൻ സാദിഖ്**, W/o. സാദിഖ്, പാർട്ണർ: M/s. അൽ മാ ഇൗട് ഫുഡ് പ്രൊഡക്ട്സ്, കടവിൽ ഹൗസ്, മാള പള്ളിപുറം പി.ഒ, തൃശ്ശൂർ-680732. **(3). ശ്രീ. സാദിഖ്**, S/o. അബീദു, പാർട്ണർ: M/s. അൽ മാ ഇൗട് ഫുഡ് പ്രൊഡക്ട്സ്, കടവിൽ ഹൗസ്, മാള പള്ളിപുറം പി.ഒ, തൃശ്ശൂർ-680732. **(4). ശ്രീ. അഷിഫ് പി.എ**, പള്ളത്തുപറമ്പിൽ ഹൗസ്, കുരുവിളശ്ശേരി പി.ഒ, തൃശ്ശൂർ-680732. **(5). ശ്രീമതി. സബീന അഷിഫ്**, പള്ളത്തുപറമ്പിൽ ഹൗസ്, കുരുവിളശ്ശേരി പി.ഒ., തൃശ്ശൂർ- 680732.
താഴെ പ്രസ്താവിക്കുന്ന സ്ഥാവര വസ്തുവഹകൾ ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, മാള ബ്രാഞ്ചിൽ (സെക്യൂർഡ് ക്രെഡിറ്റർ) പണയപ്പെടുത്തിയിട്ടുള്ളതും ചുവതലപ്പെടുത്തിയ ഓഫീസർ **ഭീതീകരായി കൈവശത്തിലെടുത്തിട്ടുള്ളതുമാണ്. 16.07.2024 തീയതിക്ക് രൂ.2,52,20,733.94/- (രണ്ട് കോടി അമ്പത്തിരണ്ട് ലക്ഷത്തി ഇരുപതിനായിരത്തി എഴുനൂറ്റി മുപ്പത്തിരുന്ന് രൂപ തൊണ്ണൂറ്റി നാല് പൈസ മാത്രം)** ഭാവിയിലെ പലിശയും നഷ്ടങ്ങളും ചിലവുകളും മുതലായവ അടക്കം, മുകളിൽ സൂചിപ്പിച്ച വായ്ക്കാൻ & ജാമ്യക്കാർ ആയവരിൽ നിന്നും ദി സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡിന്റെ **മാള ബ്രാഞ്ചിലേക്ക്** ഈടാക്കി കിട്ടുന്നതിലേയ്ക്കായി 'എവിടെയാണോ' 'എങ്ങിനെയാണോ' 'എന്തു തന്നെയായാലും അങ്ങനെതന്നെ' എന്ന വ്യവസ്ഥയിൽ **09.08.2024ന് വിൽപന** നടത്തുന്നതാണെന്ന് പൊതുജനങ്ങൾക്ക് പൊതുവായും പ്രത്യേകിച്ച് വായ്പക്കാർക്കും/ ജാമ്യക്കാർക്കും ഇതിനാൽ അറിയിച്ച് നൽകുന്നു
ഇനം നമ്പർ.1 :- വസ്തു ഉടമയുടെ പേര് : ശ്രീ. സാദിഖ്
വസ്തു വിവരണം: തൃശ്ശൂർ ജില്ല, കൊടുങ്ങല്ലൂർ താലൂക്ക്, പള്ളിപുറം വില്ലേജ്, സർവ്വെ നമ്പർ 77/1 ൽപ്പെട്ട 11.21 ആർസ് (ഏകദേശം 27.70 സെന്റ്) ഭൂമിയുടെ എല്ലാ അംശങ്ങളും ഭാഗങ്ങളും അതോടൊപം 1850 Sqft. വിസ്തീർണ്ണമുള്ള പുതിയ കെട്ടിടവും ഏകദേശം 3800 Sqft. വിസ്തീർണ്ണമുള്ള പഴയ കെട്ടിടവും മറ്റ് എല്ലാ മെച്ചപ്പെടുത്തലുകളും അനുബന്ധങ്ങളും മറ്റ് എല്ലാ നിലവിലുള്ള അവകാശങ്ങളും അടക്കം ശ്രീ.സാദിഖ് പേരിലുള്ളതും 12.08.2004 തീയതിയിലെ 1668/1/2004-ാം നമ്പർ ഭാരാധാരത്തിൽ കൂടുതൽ പൂർണ്ണമായി വിവരിച്ചിരിക്കുന്നതുമാണ്. അതിർത്തികൾ: കിഴക്ക്: റോഡ്. പടിഞ്ഞാറ്: കടവിൽ മറിയം ബീവി വക വസ്തു. വടക്ക്: റോഡ്. തെക്ക്: കടവിൽ മറിയം ബീവി വക വസ്തു.
കൈവശാവകാശത്തിന്റെ സ്വഭാവം: ഭൗതീകം
കരുതൽ വില: രൂ.1,52,40,000.00/- (ഒരു കോടി അമ്പത്തിരണ്ട് ലക്ഷത്തി നാൽപതിനായിരം രൂപ മാത്രം)
നിരതദ്രവ്യം (EMD) : രൂ.15,24,000.00/- (പതിനഞ്ച് ലക്ഷത്തി ഇരുപത്തിനാലായിരം രൂപ മാത്രം)
ഇനം നമ്പർ.2 :- വസ്തു ഉടമയുടെ പേര് : ശ്രീമതി. ഉവൈബോൻ സാദിഖ്
വസ്തു വിവരണം: തൃശ്ശൂർ ജില്ല, കൊടുങ്ങല്ലൂർ താലൂക്ക്, പള്ളിപുറം വില്ലേജ്, സർവ്വെ നമ്പർ 77/1 ൽപ്പെട്ട 6.60 ആർസ് (ഏകദേശം 16.30 സെന്റ്) ഭൂമിയുടെ എല്ലാ അംശങ്ങളും ഭാഗങ്ങളും അതോടൊപം 3144 Sqft. വിസ്തീർണ്ണമുള്ള കെട്ടിടവും മറ്റ് എല്ലാ മെച്ചപ്പെടുത്തലുകളും അനുബന്ധങ്ങളും മറ്റ് എല്ലാ നിലവിലുള്ള അവകാശങ്ങളും അടക്കം ശ്രീമതി. ഉവൈബോൻ സാദിഖ് പേരിലുള്ളതും